**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ. ഹരിത.വി.കുമാർ ഐ എ എസ് )**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐസിഡിഎസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിട നിർമ്മാണം- നിർമ്മാണാനുമതി റദ്ദ് ചെയ്തു കൊണ്ടും, പകരം അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം:-
1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023
3. ഈ കാര്യാലയത്തിലെ 02/12/2023 തീയതിയിലെ DWCD/1999/2023-ICDS A7 നമ്പർ ഉത്തരവ്
4. തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 19.03.2025 ലെ PO/TSR/D-860/19 നമ്പർ കത്ത്
5. എറണാകുളം പ്രോഗ്രാം ഓഫീസറുടെ 13.03.2025 ലെ PO/EKM/A4-58/2025 നമ്പർ കത്ത്

**ഉത്തരവ് നമ്പർ DWCD/1999/2023-ICDSA7 തീയതി: 06.06.2025**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA-യുമായി സംയോജിപ്പിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു അങ്കണവാടിയ്ക്ക് 2,00,000/- രൂപ നിരക്കിൽ 140 അങ്കണവാടികൾക്കായി 60% കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ ) അനുവദിച്ചും ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസനഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ (Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം നിർമ്മാണാനുമതി നൽകിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ മാള ICDS പ്രോജക്റ്റിലെ മാള ഗ്രാമ പഞ്ചായത്തിലെ 41 -ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ ഫണ്ട് അനുവദിച്ചിട്ടുള്ളതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് പരാമർശം (4) പ്രകാരം തൃശ്ശൂർ പ്രോഗ്രാം ഓഫീസർ

അഭ്യർത്ഥിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലം അഡീഷണൽ ICDS പ്രോജക്ടിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 73-ാം നമ്പർ അങ്കണവാടിയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (5) പ്രകാരം എറണാകുളം പ്രോഗ്രാം ഓഫീസർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ മാള ICDS പ്രോജക്ടിലെ മാള ഗ്രാമ പഞ്ചായത്തിലെ 41 -ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണാനുമതി റദ്ദ് ചെയ്തുകൊണ്ടും പകരം എറണാകുളം ജില്ലയിലെ കോതമംഗലം അഡീഷണൽ ICDS പ്രോജക്ടിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 73-ാം നമ്പർ അങ്കണവാടിയ്ക്ക് നിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

എറണാകുളം ജില്ലയിലെ കോതമംഗലം അഡീഷണൽ ICDS പ്രോജക്ടിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 73-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സത്വരനടപടികൾ MGNREGA മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം/SOE എന്നിവ ലഭ്യമാക്കേണ്ടതുമാണ്. പ്രോഗ്രാം ആഫീസർ,സിഡിപിഒ എന്നിവർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരാമർശം (3) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

മിഷൻ ഡയറക്ടർ
MGNREGS,തിരുവനന്തപുരം

പകർപ്പ്:

1.പ്രോഗ്രാം ഓഫീസർ തൃശ്ശൂർ,എറണാകുളം

2. ശിശുവികസന പദ്ധതി ഓഫീസർ മാള , കോതമംഗലം അഡീഷണൽ

3.കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Sunde

സൂപ്രണ്ട്.

**അനുബന്ധം**

MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മണാനുമതി മാറ്റി നൽകിയ അങ്കണവാടിയുടെ ലിസ്റ്റ്

(ഉത്തരവ് നമ്പർ DWCD/1999/2023-ICDSA7തീയതി 06.06.2025 )

| നവീകരണാനുമതി നൽകിയ അങ്കണവാടി | | | | നവീകരണാനുമതി മാറ്റി നൽകിയ അങ്കണവാടി | | | |
|---|---|---|---|---|---|---|---|
| ജില്ല | ICDS പ്രൊജക്റ്റ് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം | ജില്ല | ICDS പ്രൊജക്റ്റ് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം |
| തൃശൂർ | മാള | മാള | 41 | എറണാകുളം | കോതമംഗലം അഡീഷണൽ | പൈങ്ങോട്ടൂർ | 73 |

Sindu

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി